# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2335 23.1.2014-ൽ മറുപടിയ്ക്ക്**

**നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ ചെലവ്**


**ചോദ്യം**

ഡോ.ടി.എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ.പി. ശ്രീരാമകൃഷ്ണൻ
ശ്രീ.കെ.കെ ജയചന്ദ്രൻ

**ഉത്തരം**

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി


| | | |
|---|---|---|
| (എ) | സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പദ്ധതിയുടെ അടങ്കൽ തുക വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പദ്ധതി അടങ്കൽ തുക വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി എന്ത് തുകയാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി നിർവ്വഹണത്തിനായി 17000 കോടി രൂപയുടെ അടങ്കലാണ് നിശ്ചയിച്ചിട്ടുള്ളത് |
| (സി) | 2013 ഡിസംബർ 31 വരെ പദ്ധതി നിർവ്വഹണത്തിനായി എത്ര കോടി രൂപ ഏതെല്ലാം മേഖലകളിൽ ചിലവഴിച്ചു എന്നും ഇത് പദ്ധതി നിർവ്വഹണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ ; | വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്തെ നികുതി വരുമാനമായി കണക്കാക്കിയിരുന്നതിൽ എത്ര ശതമാനം നികുതി പിരിഞ്ഞുകിട്ടിയെന്നും നികുതി പിരിവിലുണ്ടായ കുറവിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ; | 2013-14സാമ്പത്തിക വർഷം സംസ്ഥാനത്തെ തനത് നികുതി വരുമാനമായി കണക്കാക്കിയത് 38771.10 കോടി രൂപയാണ്. 30.11.2013 വരെ ഇതിന്റെ 52.46 ശതമാനം പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (ഇ) | പൊതു കടമെടുപ്പിന് സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച തുകയിൽ ഡിസംബർ 31 വരെയായി എന്തു തുക കടമെടുത്തെന്ന് വ്യക്തമാക്കുമോ; | നടപ്പു സാമ്പത്തിക വർഷം ഡിസംബർ 31 വരെ പൊതു വിപണിയിൽ നിന്നും 9700 കോടി രൂപ സംസ്ഥാനം കടമെടുത്തിട്ടുണ്ട്. |
| (എഫ്) | പൊതു കടമെടുപ്പിൽ നടപ്പു സാമ്പത്തിക വർഷം എന്തു തുക ലഭ്യമാകുമെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | നടപ്പു സാമ്പത്തിക വർഷം പൊതു കടമിനത്തിൽ അനുവദനീയമായ വായ്പാ പരിധി 11844.38കോടി രൂപയാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടില്ല.. |

Rejani

സെക്ഷൻ ഓഫീസർ

അനുബന്ധം I

## Sector wise Plan Progress

Rs in Cr

| | Sector Name | Gross Outlay | State Plan | | | 100% CSS | | | Other CSS | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | Outlay | Expr. | % | Outlay | Expr. | % | Outlay | Expr. | % |
| 1 | Agriculture And Allied Services | **1641.84** | 1494.74 | 592 92 | 40 | 61.20 | 8.85 | 14 | 85.90 | 32.53 | 38 |
| 2 | Rural Development | 826.70 | 810.02 | 268.94 | 33 | 4.78 | .32 | 7 | 11.90 | 0.61 | 5 |
| 3 | Co-Operation | **105.00** | 75.00 | 19.53 | 26 | 30.00 | 13.26 | 44 | | | |
| 4 | Irrigation And Flood Control | **659.44** | 505.14 | 103.30 | 20 | | | | 154.30 | 12.88 | 8 |
| 5 | Power | **1222.70** | 1222.70 | 703.45 | 58 | | | | | | |
| 6 | Industry And Minerals | **850.98** | 811.94 | 212.53 | 26 | 1.30 | 0.51 | 39 | 37.74 | 11.63 | 31 |
| 7 | Transport And Communications | 1334.89 | 1334.39 | 1171.81 | 88 | | | | 0.50 | 0.03 | 6 |
| 8 | Scientific Services And Research | **146.72** | 141.62 | 66.71 | 47 | 5.10 | 0.00 | 0 | | | |
| 9 | Social And Community Services | **7710.33** | 5527.77 | 2024.11 | 37 | 1088.18 | 467.67 | 43 | 1094.38 | 341.36 | 31 |
| 10 | Economic Services | **1037.79** | 1000.37 | 73.41 | 7 | 27.58 | 32 98 | 120 | 9.84 | 0.04 | 0 |
| 11 | General Services | **106.81** | 76.31 | 77.38 | 101 | 2.00 | 0.00 | 0 | 28.50 | 0.00 | 0 |
| 12 | Local Bodies | **4000.00** | 4000.00 | 1544.45 | 39 | | | | | | |
| | **Grand Total** | **19643.20** | **17000.00** | **6858.54** | **40** | **1220.14** | **523.58** | **43** | **1423.06** | **399.08** | **28** |

Source: Plg (CPMU) records.

*Gross Plan Outlay = Outlay of State Plan + 100% CSS + Other CSS (central share)*

Rejani

[illegible]

## അനുബന്ധം -II

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ അനുസരിച്ച് സംസ്ഥാന നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013-14 | 30.11.2013 വരെയുള്ള കണക്കുകൾ | ശതമാനത്തിൽ |
|---|---|---|---|
| | | | ( തുക കോടിയിൽ) |
| സംസ്ഥാന തനത് നികുതി വരവ് | | | |
| കാർഷികാദായ നികുതി | 23.98 | 4.85 | 20.23 |
| ഭൂനികുതി | 135.49 | 61.07 | 45.07 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 4207.01 | 1668.73 | 39.67 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻ മേലുള്ള നികുതികൾ | 87.59 | 35.93 | 41.02 |
| സംസ്ഥാന എക്സൈസ് | 2801.75 | 1252.81 | 44.72 |
| വിൽപ്പന നികുതി | 28456.62 | 15797.94 | 55.52 |
| വാഹന നികുതികൾ | 2570.65 | 1388.44 | 54.01 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 284.15 | 25.62 | 9.01 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.86 | 102.07 | 50.07 |
| ആകെ സംസ്ഥാന തനത് നികുതി വരവ് | 38771.10 | 20337.46 | 52.46 |

സർക്കാർ നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് മുൻകൂറായി വാങ്ങിയാണ് ഓരോ സാമ്പത്തിക വർഷവും എക്സൈസ് വകുപ്പ് സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത്. മാർച്ച് മാസത്തിലാണ് സാധാരണയായി സ്ഥാപനങ്ങളുടെ ലൈസൻസുകൾ പുതുക്കുന്നത്. ആകയാൽ എക്സൈസ് വകുപ്പിന് ലഭിക്കുന്ന വരുമാനത്തിന്റെ മുഖ്യ പങ്കും മാർച്ച് മാസത്തിലാണ് ലഭിക്കുന്നത്.

രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും, സ്റ്റാമ്പ് ഡ്യൂട്ടിയിൽ 2% കുറവ് വരുത്തിയതുമാണ് രജിസ്ട്രേഷൻ വകുപ്പിൽ വരുമാനം കുറയുവാൻ കാരണമായത്.

സംസ്ഥാനത്തെ വാണിജ്യ നികുതി വരുമാനത്തിൽ മുൻ വർഷത്തെ നികുതി പിരിവുമായി താരതമ്യം ചെയ്യുമ്പോൾ 12 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വാഹന വില്പനയിലെ കുറവ് വാറ്റ് നികുതിയിൽ കുറവ് വരാൻ കാരണമായി. മദ്യ വില്പനയിൽ ഉണ്ടായ കുറവ് നികുതി ഇനത്തിലെ വർദ്ധനവ് 8% മാത്രമായി ചുരുക്കി. പ്രധാന കാർഷികോല്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയിലുണ്ടായ വിലയിടിവ് ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി. നിർമ്മാണ സാമഗ്രികളുടെ നികുതിയിലും പെട്രോളിയം ഉല്പന്നങ്ങളുടെ നികുതിയിലും കുറവ് രേഖപ്പെടുത്തി. രൂപയുടെ മൂല്യശോഷണത്തെ തുടർന്ന് ഇറക്കുമതിയിലുണ്ടായ കുറവ് നികുതി വരുമാനത്തെ ബാധിച്ചു. ഭക്ഷ്യ വസ്തുക്കളുടെ നികുതി നിരക്ക് 4% ൽ നിന്നും 1% ആയി കുറച്ചതിനാലും, അരി നികുതി വിമുക്തമാക്കിയതിനാലും നികുതി പിരിവിൽ സാരമായ കുറവുണ്ടായി.

വാഹനങ്ങളുടെ വിൽപനയിലും രജിസ്ട്രേഷനിലും മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായതാണ് നടപ്പു സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിൽ നികുതി പിരിവിൽ കുറവുണ്ടാകാൻ കാരണം.

ലാന്റ് റവന്യൂ വകുപ്പിലെ നികുതി ഇനങ്ങളിൽ കോടതി, സർക്കാർ, അപ്പലേറ്റ് അതോറിറ്റി സ്റ്റേ അനുവദിച്ചിട്ടുള്ള കേസുകളിൽ ഗണ്യമായ തുക ഉൾപ്പെട്ടിരിക്കുന്നത് പിരിവ് കുറയുവാനിടയാക്കി.

Rejani

സെക്ഷൻ ഓഫീസർ